ഉത്തരം

(എ) ഉണ്ട്.

(ബി) പ്രധാനപ്പെട്ട യന്ത്രങ്ങളായ ഹാർട്ട്‌ലംഗ് മെഷീൻ, ട്രെഡ്മിൽ, കളർഡോപ്ളർ, എക്കോകാർഡിയോഗ്രാഫ്, വിവിധതരം എന്റോസ്കോപ്പി സിസ്റ്റം, വിവിധതരം വെന്റിലേറ്ററുകൾ, ബ്ളഡ് ഗ്യാസ് അനലൈസറുകൾ, യൂറോ ഡൈനാമിക് മെഷീൻ എന്നിവ ഉൾപ്പെടുന്നു.

(സി) ഈ യന്ത്രങ്ങളെല്ലാം തന്നെ പ്രവർത്തനക്ഷമമാണ്.

(ഡി) ഇല്ല.

(ഇ) ഇപ്പോൾ യന്ത്രോപകരണങ്ങൾ വാങ്ങുമ്പോൾ തന്നെ അത് സപ്ളൈ ചെയ്യുന്ന കമ്പനികളുമായി യന്ത്രങ്ങൾ തകരാറായാൽ റിപ്പയർ ചെയ്യുന്നതിന് കരാർ ഉറപ്പാക്കുന്നുണ്ട്. ടി കമ്പനികൾ യഥാസമയം യന്ത്രോപകരണങ്ങൾ പരിശോധിച്ച് റിപ്പയർ ചെയ്യാനുള്ളതെല്ലാം റിപ്പയർ ചെയ്തു നൽകുന്നുണ്ട്.

മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഉപകരണങ്ങൾ റിപ്പയർ ചെയ്യാൻ നടപടി

165 [1692] ശ്രീ. ജോസഫ് എം പുതുശ്ശേരി :

,, തോമസ് ഉണ്ണിയാടൻ :

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :

ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിലെ ഒരു ലക്ഷത്തിലധികം രൂപ വിലയുള്ള ഉപകരണങ്ങളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) ഇവയിൽ പ്രവർത്തനക്ഷമമല്ലാത്തത് എത്ര; അവ ഓരോന്നും എത്രകാലമായി ഉപയോഗശൂന്യമായിരിക്കുന്നു എന്ന് വിശദമാക്കാമോ;

(സി) ഇവ റിപ്പയർ ചെയ്ത് ഉപയോഗപ്രദമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ), (ബി) & (സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജിലെ ശ്രീമതി എൽസമ്മ ജോസഫിന് പ്രമോഷൻ നൽകാൻ നടപടി

166 [1693] ശ്രീ. പി. ടി തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സൈക്യാട്രിക് സോഷ്യൽ വർക്കർ ആയി 2-5-1992-ൽ കാലിക്കറ്റ് മെഡിക്കൽ കോളേജിൽ ജോലിയിൽ പ്രവേശിച്ച എൽസമ്മ ജോസഫിന് സീനിയർ ഗ്രേഡ് ലക്ചറർ ആയി ശമ്പളം നിശ്ചയിച്ച് കൊടുക്കാൻ ഉണ്ടായിട്ടുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) 1997 മുതൽ വാർഷിക ഇൻക്രിമെന്റ് നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 7-6-2000-ൽ ടൈംബൗണ്ട് പ്രമോഷൻ നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എത്രനാൾക്കകം ഇത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളും എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതു സംബന്ധിച്ച് തീരുമാനം എടുക്കേണ്ടത് ഏത് തലത്തിലാണെന്നും ഈ കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പോസ്റ്റ് സമയബന്ധിതമായി അപ്ഗ്രേഡ് ചെയ്ത് അസോസിയേറ്റ് പ്രൊഫസർ ആയി 2005-ൽ പ്രൊമോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് നമ്പർ 145/2000/ആകുവ. തീയതി 16-6-2000 അനുസരിച്ച് എം.ബി.ബി.എസ്., ബി.ഡി.എസ്., ബി.ഫാം തുടങ്ങിയ യോഗ്യതയുള്ള മെഡിക്കൽ/ദന്തൽ/ഫാർസ്യൂട്ടിക്കൽ സയൻസ് അദ്ധ്യാപകരെ മാത്രമേ ബിരുദാനന്തര ബിരുദം നേടുന്നതിന് വിധേയമായി സീനിയർ ലക്ചറർമാരായി നിയമിക്കാൻ കഴിയൂ. നോൺ മെഡിക്കൽ വിഭാഗത്തിൽപ്പെട്ട മെഡിക്കോ സോഷ്യോളജി, ഹെൽത്ത് എഡ്യൂക്കേഷൻ, ക്ലിനിക്കൽ സൈക്കോളജി, സൈക്യാട്രിക് സോഷ്യൽ വർക്കർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട അദ്ധ്യാപകർക്ക് സീനിയർ ലക്ചറർഷിപ്പ് നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ബി), (സി), (ഡി) & (ഇ) വിവരം ശേഖരിച്ചുവരുന്നു.

മെഡിക്കൽ കോളേജ് സൂപ്രണ്ടുമാരുടെ നിയമനം

167 [1694] ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളിൽ സൂപ്രണ്ടുമാരെ നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെ സൂപ്രണ്ടുമാരിൽ എത്രപേർ പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നീ നിലവാരത്തിൽ ഉള്ളവരാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly